# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.06.2014-ൽ |
| ചോദ്യം നമ്പർ - 1250 | മറുപടിയ്ക്ക് |

**തങ്കളം - കാക്കനാട് റോഡിന്റെ നിർമ്മാണം - സ്ഥലം ഉടമകൾക്ക് പണം നൽകുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) തങ്കളം - കാക്കനാട് റോഡിന്റെ നിർമ്മാത്തിന് സ്ഥലമുടമകളിൽ നിന്നും അഡ്വാൻസ് പൊസഷൻ കിട്ടിയിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം വിട്ടുതന്നവരുടെ പക്കൽ നിന്നും സറണ്ടർ ലെറ്റർ എഴുതി വാങ്ങുകയും അവർക്ക് നഷ്ടപരിഹാരം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഈ സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ 4(1) വിജ്ഞാപനം 15.08.2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊന്നുംവില നടപടികൾ കാക്കനാട് സ്പെഷ്യൽ തഹസിൽദാർ ആഫീസിൽ നടന്നു വരികയാണ്. |
| (ബി) ബി.എം. & ബി.സി. ചെയ്ത് റോഡ് നിർമ്മാണം നടത്തിയ പ്രദേശങ്ങളിൽ പോലും സ്ഥലമുടമകൾക്ക് പണം നല്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. പൊന്നുംവില നടപടികളുടെ പ്രഖ്യാപനം പരസ്യപ്പെടുത്തുവാൻ ഈ സർവ്വെ നമ്പരുകളിൽപ്പെട്ട നിലത്തിന് പരിവർത്തനാനുമതി കൂടി ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (സി) ഭരണാനുമതി ലഭിച്ച് അഞ്ച് വർഷമായ പ്രസ്തുത പ്രവൃത്തിക്കായി കളക്ടറുടെ പക്കൽ ഫണ്ട് ലഭ്യമായിട്ടും സ്ഥലമുടമകൾക്ക് പണം നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (സി) | പൊന്നുംവില നടപടികൾ പൂർത്തിയാകാത്തതുകൊണ്ടാണ് സ്ഥലമുടമകൾക്ക് പണം നൽകുവാൻ കഴിയാത്തത്. |
| (ഡി) പ്രസ്തുത റോഡിന്റെ ഭരണാനുമതി രണ്ട് പ്രാവശ്യം കാലാവധി നീട്ടിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ കാരണങ്ങളാലാണ് | (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി നൽകിയ ഭരണാനുമതിയാണ് നീട്ടി നൽകിയത്. പൊന്നുംവില നടപടി പൂർത്തിയാകാത്തത് കൊണ്ടാണ് |

| | | | |
|---|---|---|---|
| | ഇതിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കുമോ ; | | സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം കൊടുക്കുവാൻ സാധിക്കാത്തത്. നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. |
| (ഇ) | ഈ റോഡുമായി ബന്ധപ്പെട്ട ആളുകൾക്ക് പണം കൊടുക്കുന്നതിന് നടപടികൾ ഉടൻ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | പൊന്നംവില നടപടികൾ പൂർത്തിയായാൽ ഉടൻ പണം കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ